792 — ാമത്തെ പരിപാടി

# കഥകളിക്ലബ്ബ്, തൃശ്ശൂർ

## 2026 ആഗസ്റ്റ് 9 ഞായറാഴ്ച്ച 4 മണി മുതൽ

### വേദി – ഭാരതീയ വിദ്യാഭവൻ കെ. എസ്. ഉണ്ണി നവതി ഹാൾ

## 'നാരായണമുദ്ര ' പുരസ്കാരം

### അവാർഡ് സമർപ്പണം – നെടുമ്പള്ളി രാംമോഹന്

| | | | | | |
|---|---|---|---|---|---|
| പ്രാർത്ഥന | : | നിരഞ്ജൻ മോഹൻ | അവാർഡ് ജേതാവിനെ | | |
| സ്വാഗതം | : | പ്രശാന്ത് ജി മേനോൻ | പരിചയപ്പെടുത്തൽ | : | ബിജു ആറ്റുപുറം |
| അദ്ധ്യക്ഷൻ | : | കെ. പി. രാധാകൃഷ്ണൻ | കീർത്തിപത്ര സമർപ്പണം | : | കെ. പി. രാധാകൃഷ്ണൻ |
| അവാർഡ് സമർപ്പണം | : | ഡോ. ബാലചന്ദ്ര വാരിയർ | മറുമൊഴി | : | നെടുമ്പള്ളി രാംമോഹൻ |
| | | | നന്ദി | : | ജയ അവണൂർ |

## തുടർന്ന് കഥകളി – കഥ : കീചകവധം (രചന– ഇരയിമ്മൻതമ്പി)

**ഈ മാസത്തെ കഥകളി സ്പോൺസർ ചെയ്യുന്ന ഡോ. കിഷോർ ചന്ദ്രൻ വാര്യർക്കും, ശ്രീമതി ജയ അവണൂരിനും കഥകളി ക്ലബ്ബിന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.**

**കഥാപാത്രങ്ങളും കലാകാരന്മാരും**

| | | | |
|---|---|---|---|
| കീചകൻ | - **നാട്യകേസരി കോട്ടയ്ക്കൽ കേശവൻ കുണ്ഡലായർ** | മദ്ദളം | - **ബിജു ആറ്റുപുറം** |
| സൈരന്ധ്രി | - **കലാമണ്ഡലം പ്രവീൺ** | ചുട്ടി | - **കലാമണ്ഡലം രാജേഷ്** |
| സുദേഷ്ണ | - **കലാമണ്ഡലം നന്ദിത** | അണിയറ | - **മാങ്ങോട് നാരായണൻ, ഷാജി, രമേശൻ** |
| വലലൻ | - **സദനം വിപിൻ ചന്ദ്രൻ** | ചമയം | - **തൃശ്ശൂർ കഥകളിക്ലബ്ബ്** |
| സംഗീതം | - **നെടുമ്പള്ളി രാംമോഹൻ, ശ്രീദേവൻ ചെറുമിറ്റം** | ഫോട്ടോ | - **വിജയ് ഫോട്ടോസ്** |
| ചെണ്ട | - **സദനം രാമകൃഷ്ണൻ** | വീഡിയോ | - **ആശീർവാദ് വീഡിയോസ്** |

## കീചകവധം – (പദരചന– ഇരയിമ്മൻതമ്പി)

പതിനെട്ടാംനൂറ്റാണ്ടിൽ തിരുവിതാംകൂർ രാജാക്കന്മാരുടെ കാലത്ത് കഥകളിക്കുണ്ടായ വികാസപരിണാമങ്ങളെ സാക്ഷ്യപ്പെടുത്തുന്ന രചനകളാണ് ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥകൾ. കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ മൂന്ന് കൃതികളും ദൃശ്യക്ഷമതയിലെന്നപോലെ സാഹിത്യപരമായ മികവുകൊണ്ടും ആകർഷകമാണ്. ഇവയിൽ കീചകവധവും ഉത്തരാസ്വയംവരവും മഹാഭാരതകഥയെ അവലംബിച്ചും ദക്ഷയാഗം വിവിധ പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതുമായ കഥയാണ്. മൂലകഥയിൽ അനുകൂലമായ മാറ്റങ്ങൾ വരുത്തിയും പാഠഭേദങ്ങളിൽ സ്വീകാര്യമായവയെ ഇണക്കിച്ചേർത്തും നവീകരിച്ചുകൊണ്ടാണ് തമ്പി ഇതിവൃത്തരചന നിർവ്വഹിച്ചത് ലളിതവും നൃത്തഗീതപ്രധാനവുമായ അശ്വതിതിരുനാളിന്റേയും പ്രൗഢവും സങ്കേതപ്രധാനവുമായ കാർത്തികതിരുനാളിന്റെയും രചനാമാതൃകകൾ സമന്വയിക്കുന്നവയാണ് തമ്പിക്കൃതികൾ. ഓരോ വാക്കും ഭാവപ്രധാനവും സംഗീതാത്മകവുമായി ആവിഷ്കരിക്കാൻ ശ്രമിച്ച ഇരയിമ്മൻ തമ്പിയുടെ യുദ്ധപ്പദംപോലും സംഗീതസാന്ദ്രമാണ്. എഴുത്തിന്റെ രസവിദ്യ തമ്പിയുടെ ആട്ടക്കഥകളെ മാത്രമല്ല, പദങ്ങളും ഗീതങ്ങളും കീർത്തനങ്ങളുമടങ്ങുന്ന അദ്ദേഹത്തിന്റെ വിപുലമായ രചനാലോകത്തെത്തന്നെ വ്യതിരിക്തമാക്കുന്നു.

**രംഗസംഗ്രഹം**

അജ്ഞാതവാസകാലത്ത് പാണ്ഡവന്മാർ വിരാടരാജധാനിയിൽ വേഷപ്രച്ഛന്നരായി ഓരോ ജോലികൾ ചെയ്തുകൊണ്ട് കഴിഞ്ഞുകൂടുന്ന കാലമാണ് കീചകവധത്തിന്റെ കഥാസന്ദർഭം. വിരാടരാജാവിന്റെ സ്യാലനായ കീചകൻ മാലിനിഎന്ന പേരിൽ രാജ്ഞിയായ സുദേഷ്ണയുടെ സൈരന്ധ്രിയായി കൊട്ടാരത്തിൽ വസിക്കുന്ന പാഞ്ചാലിയിൽ കാമാസക്തനാകുന്നു. കീചകൻ സഹോദരിയായ സുദേഷ്ണയുടെ സഹായത്തോടെ അവളെ സ്വന്തം കിടപ്പറയിലേക്ക് വരുത്തുകയും ബലംപ്രയോഗിച്ച് പ്രാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അവിടെനിന്നു സൂര്യൻ നിയോഗിച്ചയച്ച മദോൽക്കടന്റെ സഹായംകൊണ്ട് രക്ഷപ്പെട്ട സൈരന്ധ്രി വലലനെന്നപേരിൽ പാചകക്കാരനായി കഴിയുന്ന ഭീമനെ സമീപിച്ച് തനിക്കുണ്ടായ ദുരവസ്ഥ അറിയിക്കുന്നു. വലലന്റെ നിർദ്ദേശപ്രകാരം സൈരന്ധ്രി കീചകനെ നൃത്തശാലയിലേക്ക് ക്ഷണിക്കുന്നു അവിടെ പുതച്ചുമൂടി സൈരന്ധ്രിയെന്ന വ്യാജേന കിടന്നിരുന്ന വലലന്റെ കൂടെ കീചകൻ ശയിക്കുകയും വലലന്റെ ആലിംഗനത്തിൽ അമർന്ന് ശ്വാസംമുട്ടി മരിക്കുകയും ചെയ്യുന്നു. ആദ്യരംഗങ്ങളും കീചകവധത്തിനുശേഷമുള്ള ഭാഗങ്ങളും ഒഴിവാക്കി കീചകൻ മാലിനിയെ കാണുന്നതുമുതലുള്ള ഭാഗമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

**രംഗം.1 കീചകൻ, സൈരന്ധ്രി** – കണ്ണുകൾക്ക് ആനന്ദംനൽകുന്ന സൗന്ദര്യത്തോടുകൂടിയ പാഞ്ചാലരാജപുത്രിയെ കണ്ട് വിരാടരാജാവിന്റെ പത്നിയുടെ സഹോദരനും മഹാബലവാനുമായ കീചകൻ കാമാതുരനായി ഇപ്രകാരം പറഞ്ഞു എന്ന സന്ദർഭം സൂചിപ്പിക്കുന്ന ശ്ലോകത്തിനുശേഷം കീചകന്റെ തിരനോക്ക്. തിരനോക്കു കഴിഞ്ഞ് തിര താഴ്ത്തുമ്പോൾ രംഗത്ത് പൂ പറിച്ചുകൊണ്ട് നിൽക്കുന്ന മാലിനിയെക്കണ്ട് കാമവികാരം നടിച്ച് പദം തുടങ്ങുന്നു. ചെമ്പടതാളത്തിൽ പാടിരാഗത്തിലുള്ള മാലിനീ എന്നുതുടങ്ങുന്ന പദം. ഇവിടെ 'മല്ലീശ

രവില്ലിനോടു മല്ലിടുന്ന നിന്റെ ചില്ലീലതകൊണ്ടെന്നെ തല്ലിടായ്ക ധന്യേ' എന്ന ചരണം വിസ്തരിച്ച് അഭിനയിക്കുന്നു.തുടർന്ന് മാലിനിയുടെ 'സാദരം നീ ചൊന്നൊരു മൊഴിയിതു സാധുവല്ല കുമതേ' എന്നു തുടങ്ങുന്ന മറുപടിപ്പദം. നിന്റെ ഈ വാക്കുകൾ ഉചിതമല്ല. അന്യസ്ത്രീകളിലുള്ള ആഗ്രഹം ദുഃഖിക്കാനുള്ള വഴിയൊരുക്കും. പണ്ടു സീതയെ കണ്ട് മോഹിച്ചു കട്ടുകൊണ്ടുപോയ രാവണനെ രാമൻ വില്ലുമേന്തി സമുദ്രം കടന്ന്ചെന്ന് വധിച്ചു. കാമദേവനു തുല്യരായി ഗന്ധർവ്വന്മാരായ അഞ്ചു ഭർത്താക്കന്മാർ എനിക്കുണ്ട്. അവരിൽ ആരെങ്കിലും നിന്റെ കുടിലപ്രവൃത്തികൾ അറിഞ്ഞാൽ കോപിച്ചു യുദ്ധത്തിനായി വരും; നിന്നെ കൊല്ലുകയും ചെയ്യും എന്നു കീചകനെ അറിയിച്ചുകൊണ്ട് മാലിനി പോകുന്നു. ഇത്രയും ബലവാനായ എന്നെ ഒരു ഗന്ധർവ്വൻ വധിക്കുമെന്നോ എന്നു പരിഹാസഭാവത്തോടെ വിചാരിച്ചു നോക്കുമ്പോൾ സൈരന്ധ്രിയെ കാണാതെ അന്വേഷിക്കുന്നു. 'എന്താണ് ഇനി അവളെ സ്വന്തമാക്കാനുള്ള മാർഗ്ഗം?. സഹോദരിയോടു പറഞ്ഞു ഉചിതമായ ഉപായം തേടുക തന്നെ' എന്നു കാണിച്ച് കീചകൻ രംഗം വിടുന്നു

**രംഗം.2 – കീചകൻ, സുദേഷ്ണ** - 'കൃശോദരീം' എന്നുതുടങ്ങുന്ന ശ്ലോകംകഴിഞ്ഞു തിരശ്ശീല മാറ്റുമ്പോൾ രംഗത്ത് കീചകനും സുദേഷ്ണയും.സഹോദരിയെ കണ്ട് വണങ്ങി 'സോദരീ രാജ്ഞീമൗലി' എന്നുതുടങ്ങുന്ന പദം. മാലിനിയിൽ താൻ കാമാസക്തനായിരിക്കുന്നു എന്നു കീചകൻ അറിയിക്കുന്നു. അവൾക്ക് അഞ്ചു ഗന്ധർവ്വന്മാർ ഭർത്താക്കന്മാരായിട്ടുണ്ട്. അറിവില്ലായ്മകൊണ്ട് അനർത്ഥങ്ങൾ വരുത്തരുത് എന്ന് സുദേഷ്ണ കീചകനെ ഉപദേശിക്കുന്നു. അഞ്ചുഗന്ധർവ്വന്മാരെ നിഷ്പ്രയാസം ജയിക്കാമെന്നും പഞ്ചബാണനെ വെല്ലാൻ കഴിയില്ലെന്നും കീചകൻ പറയുന്നു. എങ്കിൽ വല്ലവിധേനയും അവളെ പറഞ്ഞയയ്ക്കാം എന്നു പറഞ്ഞു സുദേഷ്ണ കീചകനെ സമാധാനിപ്പിച്ചയയ്ക്കുന്നു.

**രംഗം.3 –സുദേഷ്ണ – സൈരന്ധ്രി** –കീചകനാൽ ഇപ്രകാരം പറയപ്പെട്ടശേഷം സുദേഷ്ണ പാഞ്ചാലിയെ വിളിച്ച് സഹോദരന്റെ സമീപത്തുപോയി മദ്യം കൊണ്ടുവരാനായി പറയുന്നു എന്നു സൂചിപ്പിക്കുന്ന ശ്ലോകം കഴിഞ്ഞ് തിരശ്ശീല മാറ്റുമ്പോൾ അരങ്ങത്ത് സുദേഷ്ണയും സൈരന്ധ്രിയും. കീചകസവിധത്തിൽപ്പോയി മദ്യം കൊണ്ടുവരാനായി സൈരന്ധ്രിയെ നിയോഗിച്ച് സുദേഷ്ണ രംഗം വിടുന്നു.

'ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ' എന്നുതുടങ്ങുന്ന ദണ്ഡകം

(കഥാപാത്രങ്ങളുടെ മനോവികാരങ്ങളെ ആവിഷ്കരിക്കുന്നതിനും രംഗങ്ങൾക്കിടയിലുള്ള സംഭവങ്ങളെ വിവരിക്കുന്നതിനുമാണ് ദണ്ഡകങ്ങൾ ഉപയോഗിക്കുന്നത്. മുദ്രാഭിനയം സാമാന്യേന കുറച്ചും ഭാവാവിഷ്കാരത്തിനു പ്രാധാന്യംകൊടുത്തുമാണ് ദണ്ഡകം അവതരിപ്പിക്കുന്നത്. 26 അക്ഷരത്തിൽ കൂടുതൽ ഒരു വരിയിൽ വരുന്ന ചതുഷ്പദികളാണ് ദണ്ഡകം എന്ന് അറിയപ്പെടുന്നത്.

26 അക്ഷരംവരെയുള്ളവയാണ് ശ്ലോകങ്ങൾ). കീചകസവിധത്തിലേക്ക് പോകാനായി നിയോഗിക്കപ്പെട്ട സൈരന്ധ്രിയെയാണ് അവതരിപ്പിക്കുന്നത്. മനോനിലയെ ശരീരംകൊണ്ട് പ്രത്യക്ഷമാക്കുന്ന പഥി കിമപിനിന്നു (സ്തംഭം) വിവശതയിൽ മുങ്ങി (പ്രളയം, തളർച്ച) നടുങ്ങി (വേപഥു, വിറ) ശ്രമസലിലം (സ്വേദം, വിയർപ്പ് ) നയനജലം (അശ്രു, കണ്ണുനീർ ) മലിനതരവേഷാ (വൈവർണ്യം,നിറമാറ്റം) പുളകജാതാ (രോമാഞ്ചം ) എന്നിങ്ങനെ ഇവിടെ സൂചിപ്പിച്ച വാക്കുകൾക്കനുസൃതമായി ഏഴു സാത്വികഭാവങ്ങൾ പ്രകടമാക്കിക്കൊണ്ടാണ് ഈ ഭാഗം അഭിനയിക്കേണ്ടത്. സൈരന്ധ്രി സൂര്യനെ സ്മരിച്ചുകൊണ്ട് പാത്രവുമായി സിംഹക്കൂട്ടിലേക്ക് പോകുന്ന മാൻപേടപോലെ ഭയപ്പെട്ട് കീചകനിലയത്തിലേക്ക് പോകുന്നു.

**രംഗം.4 – കീചകൻ, സൈരന്ധ്രി** –സഭാജനങ്ങളുടെ കണ്ണുകൾക്ക് ആനന്ദം പകരുന്നവളും കയ്യിൽ പാത്രമേന്തി മുന്നിൽ പ്രത്യക്ഷപ്പെട്ടവളുമായ പാഞ്ചാലിയെ കണ്ട് കീചകൻ ബഹുമാനപൂർവ്വം ഇപ്രകാരം പറഞ്ഞു എന്ന ആശയം ഉൾക്കൊള്ളുന്ന "സഭാജനവിലോചനൈഃ" എന്നുതുടങ്ങുന്ന ശ്ലോകത്തിനുശേഷം തിരശ്ശീല മാറ്റുമ്പോൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന കീചകന്റെ മുന്നിലേക്ക് പാത്രവുമായി സൈരന്ധ്രി പ്രവേശിക്കുന്നു. കാമ്പോജി രാഗത്തിലുള്ള കീചകന്റെ "ഹരിണാക്ഷീ" എന്നുതുടങ്ങുന്ന പദം. ഇതിലെ 'തരുണീ നിന്നുടയ സഞ്ചാരദൂനതരാം ചരണനളിനപരിചരണപരൻ", "മദകളഹംസാഞ്ചിതഗമനേ, താനേ വന്നതിനാൽ ശശിവദനേ", "സുന്ദരീ മഞ്ചമിതിങ്കലിരുന്നു" തുടങ്ങിയ വരികൾ മുഴുവനായോ ഭാഗികമായോ വിസ്തരിച്ചഭിനയിക്കാറുണ്ട്.

പാത്രം തരാനായി ആവശ്യപ്പെട്ട സൈരന്ധ്രിയെ കീചകൻ ബലാൽക്കാരേണ ആലിംഗനംചെയ്യാനും വിസമ്മതിച്ച അവളെ മർദ്ദിച്ചു ഭയപ്പെടുത്തി വശത്താക്കാനും ശ്രമിക്കുന്നു. സൂര്യൻ നിയോഗിച്ചയച്ച മദോൽക്കടൻ എന്ന രാക്ഷസൻ കീചകനെ തടുത്തു സൈരന്ധ്രിയെ രക്ഷിക്കുന്നു സൈരന്ധ്രി രംഗത്തുനിന്ന് പോകുന്നു- ഇവിടെ മദോൽക്കടൻ പ്രത്യക്ഷപ്പെടുന്നില്ല. കീചകൻ മദോൽക്കടനെ കാണുന്നതായി അഭിനയിക്കുകമാത്രമേ ചെയ്യുന്നുള്ളൂ-

**രംഗം.5 – വലലൻ – സൈരന്ധ്രി –** "ഇത്ഥം തേനാനുനീതാ" എന്നുതുടങ്ങുന്ന ശ്ലോകംകഴിഞ്ഞു സൈരന്ധ്രി പാചകശാലയിൽ ഉറങ്ങുന്ന വലലന്റെ സമീപത്തുചെന്ന് കരഞ്ഞുകൊണ്ട് കീചകന്റെ നീചപ്രവൃത്തിയെക്കുറിച്ചു പറയുന്നു. "കാന്താ കൃപാലോ" എന്നു തുടങ്ങുന്ന പദം. മറുപടിയായി നൃത്തശാലയിലേക്ക് വരാൻ കീചകനോട് പറയുവാൻ വലലൻ പറയുന്നു. "മതി മതി മതിമുഖീ പരിതാപം" എന്നു തുടങ്ങുന്ന പദം

**രംഗം.6–കീചകൻ, വലലൻ –** നൃത്തശാലയിൽ വലലൻ മൂടിപ്പുതച്ചു കിടക്കുന്നു. കീചകൻ ഇരുട്ടിൽ തപ്പിത്തടഞ്ഞ് നൃത്തശാലയിൽ പ്രവേശിച്ചു വലലൻ കിടക്കുന്നതു കാണുന്നു. "കണ്ടിവാർ കുഴലീ" എന്ന ഭൈരവിരാഗത്തിലുള്ള പദം. പദം കഴിയുന്നതോടെ രാത്രിയുടെ നിശ്ശബ്ദതയെ സൂചിപ്പിച്ചുകൊണ്ട് മേളം നിശ്ചലമാകുന്നു. മൂടിപ്പുതച്ചു കിടക്കുന്നത് സൈരന്ധ്രിയെന്നു വിചാരിച്ച് കീചകൻ പുതപ്പിനുള്ളിലേക്ക് പ്രവേശിക്കുന്നു. വലലന്റെ കരവലയത്തിൽപ്പെട്ട് കീചകൻ മരിക്കുന്നു.

അടുത്ത മാസത്തെ കളി - സെപ്തംബർ 27 ഞായറാഴ്ച ജനറൽ ബോഡി മീറ്റിങ്ങിനു ശേഷം

**പ്രശാന്ത് ജി മേനോൻ (സെക്രട്ടറി), ഫോൺ: 9847695123**